125 (2503) ബാണാസുരസാഗർ പദ്ധതി

ശ്രീ. എം.കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാണാസുരസാഗർ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിക്ക് ഇപ്പോൾ എത്ര രൂപ ചെലവു വന്നിട്ടുണ്ട്;

(സി) പദ്ധതിയുടെ പൂർത്തീകരണത്തിന് എത്ര രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡാം, സ്പിൽവേ എന്നിവയുടെ പണി ചെയ്തിരുന്ന കോൺട്രാക്ടറുമായുള്ള തർക്കം ഇപ്പോൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കേസ്സ് തീർപ്പായാൽ മാത്രമേ ബാണാസുരസാഗർ പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പറയാൻ കഴിയുകയുള്ളു.

(ബി) പ്രസ്തുത പദ്ധതിക്കു 103.3 കോടി രൂപ ചെലവു വന്നിട്ടുണ്ട്.

(സി) പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി 28.5 കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

സ്പിൽവേ ഡാം	-	15 കോടി രൂപ
ലാൻഡ് അക്വിസിഷൻ	-	5 കോടി രൂപ
റിപ്ലേസ്മെന്റ് റോഡ് നംപർ II	-	4.5 കോടി രൂപ
റിപ്ലേസ്മെന്റ് റോഡ് നംപർ III	-	1.5 കോടി രൂപ
എക്സ്റ്റൻഷൻ മെയിന്റനൻസും മറ്റ് അനുബന്ധ ജോലികളും	-	2.5 കോടി രൂപ
ആകെ	-	28.5 കോടി രൂപ

126 (2504) അതിരപ്പള്ളി ജല വൈദ്യുതപദ്ധതി

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. പാലോട് രവി :

ശ്രീമതി ശോഭനാ ജോർജ്ജ് :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പള്ളി ജലവൈദ്യുതപദ്ധതി നടപ്പാക്കുന്നതിനാവശ്യമായ യന്ത്രോപകരണങ്ങൾ നൽകാമെന്ന് ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡ് ഉറപ്പു നൽകിയിരുന്നോ;

(ബി) എങ്കിൽ എന്തു തുകയ്ക്ക് നൽകാമെന്നാണ് അവർ ഉറപ്പ് നൽകിയിരുന്നത്;

(സി) ഉറപ്പ് നൽകിയതെന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിരപ്പള്ളി പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരവും പുതുക്കിയ എസ്റ്റിമേറ്റുപ്രകാരവും അതിന്റെ പണിക്ക് എന്തു തുക വീതം വേണ്ടി വരുമായിരുന്നു;

(ഇ) ടേൺ കീ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ പണി ചെയ്യുന്നതിന് പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറുകൾ വിളിച്ചിരുന്നുവോ; എങ്കിൽ ആരൊക്കെ ക്വാട്ടു ചെയ്തു. ഓരോരുത്തരുടേയും ക്വട്ടേഷൻ വ്യവസ്ഥ എന്തെല്ലാമായിരുന്നു;

(എഫ്)ഈ പണി ടേൺ കീ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ കമ്പനി എന്തെങ്കിലും ഓഫർ വച്ചിട്ടുണ്ടോ;

(ജി) എങ്കിൽ എന്തു തുകയ്ക്ക് ഈ പണി ചെയ്യാമെന്നാണ് പ്രസ്തുത കംപനി അറിയിച്ചിരുന്നത്;

(എച്ച്) അതിരപ്പള്ളി പദ്ധതിക്കാവശ്യമായ തുക നൽകാൻ പവർ ഫൈനാൻസ് കോർപ്പറേഷൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ പദ്ധതിയ്ക്ക് 6/6/98-ൽ ആഗോള ടെണ്ടർ വിളിച്ചിട്ടുള്ള സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

(ബി)&(സി) പ്രസക്തമല്ല.

(ഡി) 13/5/96-ലെ കത്തുപ്രകാരം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി അനുമതി നൽകിയ എസ്റ്റിമേറ്റ് തുക 230.48 കോടിയാണ്. പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. അത് പൂർത്തിയായാലേ പുതുക്കിയ എസ്റ്റിമേറ്റ് തുക കണക്കാക്കാൻ കഴിയുകയുള്ളു.

(ഇ) ടേൺ കീ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ പണി ചെയ്യുന്നതിന് പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറുകൾ ക്ഷണിച്ചിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പിനുള്ള ദർഘാസുകൾ വിളിച്ചിരുന്നില്ല.

താഴെപ്പറയുന്ന എട്ടു കമ്പനികൾ യോഗ്യതാ നിർണ്ണയ ടെണ്ടർ ഫാമുകൾ സമർപ്പിച്ചിരുന്നു.

1) മെമ്പേഴ്സ് ബൽഫർ ബിയാറ്റ്റി ലിമിറ്റഡ്, യു.കെ. (മെമ്പേഴ്സ്, എന്നുള്ളിൽ (ജർമ്മനി) കാരിമന്തു കോർപ്പറേഷൻ (ജപ്പാൻ) വോയ്നു ഹൈഡ്രോ മുതലായ ഫേമുകളുംകൂടി)

2) ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കോർപ്പറേഷൻ (ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡും കൂടി)

3) ഏഷ്യാ ബ്രൗൺ ബോവറി ലിമിറ്റഡ് ചെന്നൈ (എ.ബി.ബി.)

4) ആൽത്തോം ഫൈഡ്രോളിക്സ് എസ്.എ (ഫ്രാൻസ്) ഗാമൺ ഇൻഡ്യാ ലിമിറ്റഡ് ബോംബെ എന്ന ഫേമുംകൂടി)

5) ഇ.സി.ഐ. പവർ ആന്റ് അഗ്രോ ലിമിറ്റിഡ് സ്കോഡാ എക്സ്പോർട്ട് ചെക് റിപ്പബ്ളിക്, പൗലോസ്നെച്ചുപ്പാടം (കൊച്ചി) നാഷണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ചെന്നൈ, ഭാഗീരഥ ഇലക്ട്രിക്കൽ ആൻഡ് സ്ട്രക്ചറൽ കൊച്ചി, ശ്രീ ശരവണ എന്റർ പ്രൈസസ് (മധുര) മുതലായ ഫേമുകളും കൂടി)

LIBRARY ARCHIVES Kerala Legislative Assembly

6) വെള്ളാപ്പള്ളി ആന്റ് അസോസിയേറ്റ്സ്, കോട്ടയം.

7) ചൈന നാഷണൽ വാട്ടർ റിസോഴ്സ് ആന്റ് ഹൈഡ്രോ പവർ എഞ്ചിനീയറിംഗ് കോർപ്പറേഷൻ (ഡബ്ല്യൂ.എച്ച്.ഇ.സി) ചൈന (ചൈന നാഷണൽ മെഷീനറി ആൻഡ് എക്സ്പോർട്ട് കോർപ്പറേഷൻ (സി.എം.ഇ.സി) എന്നീ ഫേമുമായുള്ള ജോയിന്റ് വെഞ്ചർ)

8) ഹിന്ദുസ്ഥാൻ സ്റ്റീൽ കൺസ്ട്രക്ഷൻ വർക്സ്, കൽക്കത്ത. പ്രൈസ്ബിൽ സമർപ്പിക്കുന്നതിന് മുന്നോടിയായി യോഗ്യതാ നിർണ്ണയത്തിന് വേണ്ട വിശദാംശങ്ങൾ മാത്രമേ മേൽ പറഞ്ഞ കംപനികൾ നൽകിയിട്ടുള്ളു.

(എഫ്) ഇല്ല.

(ജി) പ്രസക്തമല്ല.

(എച്ച്) കേരള പവർ ഫിനാൻസ് കോർപ്പറേഷൻ അതിരപ്പള്ളി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതിനുവേണ്ടി പ്രോജക്ട് സംബന്ധമായ വിവരങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് ബോർഡ് അവ നൽകിയിട്ടുണ്ട്.

127 (2505) കായംകുളം താപ വൈദ്യുത പദ്ധതി

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സി.എഫ് തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപ വൈദ്യുത പദ്ധതിയിൽ നിന്നും കഴിഞ്ഞ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ബോർഡിന് ലഭിച്ച വൈദ്യുതിയുടെ കണക്ക് വ്യക്തമാക്കുമോ; ഓരോ മാസവും എത്ര രൂപയാണ് എൻ.ടി.പി.സി. യ്ക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) 1999-2000 സാമ്പത്തികവർഷത്തിൽ കായംകുളം താപ വൈദ്യുത പദ്ധതിയിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇലക്ട്രിസിറ്റി ബോർഡ് വാങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എൻ.ടി.പി.സി യുടെ കേരളത്തിനു പുറത്തുള്ള വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയ്ക്ക് ഇലക്ട്രിസിറ്റി ബോർഡ് നൽകുന്ന വില എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കായംകുളം താപ വൈദ്യുത പദ്ധതിയിൽ നിന്നും 1999 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ലഭിച്ച വൈദ്യുതിയുടെ കണക്കും, നൽകിയ വിലയും ചുവടെ ചേർക്കുന്നു.

മാസം	മില്യൺ യൂണിറ്റ്	തുക(രൂപയിൽ)
മാർച്ച് 99	71.707	19,77,44,250
ഏപ്രിൽ 99	121.708	33,46,97,000
മേയ് 99	154.509	42,48,99,750(താൽക്കാലികം)

(ബി) ഇപ്പോഴത്തെ ഉൽപ്പാദന തോത് അനുസരിച്ച് 1226 മില്യൺ യൂണിറ്റ്.

LIBRARY ARCHIVES Kerala Legislative Assembly